## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 245**

**28/05/2019-ൽ മറുപടി നൽകേണ്ടിയിരുന്നത്**

# ടി. എസ്. കനാൽ തീരസംരക്ഷണം

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|
| (എ) ദേശീയ ജലപാതയുടെ ഭാഗമായ ടി. എസ്. കനാലിന്റെ പലസ്ഥലത്തും സംരക്ഷണഭിത്തി കെട്ടാത്തതിനാൽ ഇരുകരകളും ഇടിയുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ ; തീരസംരക്ഷണത്തിനുവേണ്ടി നിലവിൽ പദ്ധതിയുണ്ടോ , വ്യക്തമാക്കുമോ ;<br>(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ടി.എസ്.കനാലിന്റെ തീരസംരക്ഷണത്തിനു വേണ്ടി ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;<br>(സി) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിന്റെ കനാലിനോട് ചേർന്ന ഭാഗങ്ങൾ പൂർണ്ണമായും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ), (ബി) & (സി) സംസ്ഥാന ജലപാതയുടെ ഭാഗമായി വരുന്ന ടി.എസ്. കനാലിന്റെ കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിച്ച് തോടിന് ആഴവും വീതിയും കൂട്ടുന്ന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി. മീ. വരുന്ന ദേശീയ ജലപാത III-ന്റെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**